# ആരാവും ന്യൂസ്‌മേക്കർ?

ഈ വർഷത്തെ വാർത്താവ്യക്തിയെ കണ്ടെത്താനുള്ള തിരഞ്ഞെടുപ്പ് മനോരമ ന്യൂസിൽ രണ്ടാംഘട്ടത്തിലൂടെ കടന്നുപോകുന്നു. പ്രാഥമിക പട്ടികയിലെ 12 പേരിൽ നിന്ന് പ്രേക്ഷകർ തിരഞ്ഞെടുത്ത നാലു പേരുമായുള്ള സംവാദമാണ് രണ്ടാം ഘട്ടത്തിൽ. വ്യവസായമന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, വ്യവസായി കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി എന്നിവരുമായുള്ള സംവാദമാണ് ഇതിനകം പൂർത്തിയായത്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ചലച്ചിത്ര നടൻ സലിംകുമാർ എന്നിവരുമായുള്ള സംവാദം വരുംആഴ്ചകളിൽ കാണാം. ശനിയാഴ്ചകളിൽ രാത്രി എട്ടുമണിക്കാണ് ന്യൂസ്‌മേക്കർ സംവാദങ്ങളുടെ സംപ്രേഷണം. കൊച്ചൗസേഫ് ചിറ്റിലപ്പിള്ളിയുമായുള്ള സംവാദത്തിന്റെ പുനഃസംപ്രേഷണം ഞായർ വൈകിട്ട് അഞ്ചിനും തിങ്കൾ ഉച്ചകഴിഞ്ഞ് മൂന്നിനും.

ഐഡിയ മൊബൈലുമായി ചേർന്ന് മനോരമ ന്യൂസ് സംഘടിപ്പിക്കുന്ന ന്യൂസ്‌മേക്കർ 2011ന്റെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് തുടരുകയാണ്. അന്തിമ പട്ടികയിലുള്ള നാലുപേരിൽ നിന്ന് പ്രേക്ഷകരുടെ എസ്എംഎസ്, ഓൺലൈൻ വോട്ടുകളിലൂടെയാണ് ന്യൂസ്‌മേക്കറെ തിരഞ്ഞെടുക്കുന്നത്.

മലയാളം ടെലിവിഷനിൽ ഏറ്റവുമധികം പ്രേക്ഷകരുടെ പങ്കാളിത്തത്തോടെ നടക്കുന്ന തിരഞ്ഞെടുപ്പ് എന്ന നിലയിൽ മനോരമ ന്യൂസ് ന്യൂസ്‌മേക്കർ ഇതിനകം അംഗീകാരം ആർജിച്ചുകഴിഞ്ഞു.

വി.എസ്.അച്യുതാനന്ദൻ, പിണറായി വിജയൻ, ജി.മാധവൻ നായർ, റസൂൽ പൂക്കുട്ടി, പ്രീജാ ശ്രീധരൻ എന്നിവരാണ് മുൻ വർഷങ്ങളിൽ ന്യൂസ്‌മേക്കർ ബഹുമതിക്ക് അർഹരായത്.